REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ദുരന്ത മേഖലയായി മാറിയ വയനാട്ടിൽ, ഉരുൾപൊട്ടലിൽ മരിച്ചവരുടെ എണ്ണം 286 ആയി. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വയനാട്ടിൽ ഇന്ന് സർവകക്ഷി യോഗം.
- സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ഒഴികെ പത്ത് ജില്ലകളിലും, കോട്ടയം ജില്ലയിലെ രണ്ട് താലൂക്കുകളിലും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി.
- ഇതിഹാസ ഇന്ത്യൻ ക്രിക്കറ്റ് താരം അൻഷുമാൻ ഗെയ്ക്-വാദ് അന്തരിച്ചു.
- ഇന്ത്യ-ശ്രീലങ്ക ഏകദിന അന്താരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് കൊളംബോയിൽ.
- സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഇന്നലെ അർദ്ധരാത്രിയോടെ അവസാനിച്ചു.

## വാർത്തകൾ വിശദമായി

ദുരന്ത മേഖലയായി മാറിയ വയനാട്ടിൽ, ഉരുൾപൊട്ടലിൽ മരിച്ചവരുടെ എണ്ണം 286 ആയി. മൂന്നാം ദിവസമായ ഇന്നും പുലർച്ചെ മുതൽ തെരച്ചിൽ പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുകയാണ്. ഇന്നലെ രാത്രിയും മഴയെ

അവഗണിച്ച് തെരച്ചിലും രക്ഷാപ്രവർത്തനങ്ങളും തുടർന്നു. 250 ലേറെ പേരെ ഇനിയും കണ്ടെത്താനുണ്ട്. 143 മൃതദേഹങ്ങൾ വിവിധ ആശുപത്രികളിൽ എത്തിച്ചു. ഉരുൾപൊട്ടൽ സാധ്യതാ മേഖലകളിൽ നിന്ന് ജനങ്ങൾ മാറി താമസിക്കണമെന്ന് വയനാട് ജില്ലാ കലക്ടർ ആവശ്യപ്പെട്ടു.

സൈന്യത്തിന്റെയും ദേശീയ ദുരന്ത നിവാരണ സേനയുടെയും അഗ്നിസുരക്ഷാ സേനയുടെയും സന്നദ്ധ സേനയുടെയും നേതൃത്വത്തിൽ ഉരുൾപൊട്ടൽ മേഖലയിൽ രക്ഷാ പ്രവർത്തനം ഊർജിതമായി തുടരുകയാണ്. തിരച്ചിലിന് കൂടുതൽ യന്ത്ര സാമഗ്രികൾ ഇന്നെത്തും. ചാലിയാർ പുഴയിലും മൃതദേഹങ്ങൾക്കായി ഇന്ന് തിരച്ചിൽ ഊർജ്ജിതമാക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്

............വോയ്സ്.......

✪✪✪

മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വയനാട്ടിൽ ഇന്ന് സർവകക്ഷി യോഗം ചേരും.

കൽപ്പറ്റ കലക്ടറേറ്റിലെ ഹാളിൽ രാവിലെ പതിനൊന്നരയ്ക്കാണ് യോഗം. വയനാട്ടിൽ ക്യാമ്പ് ചെയ്യുന്ന മന്ത്രിമാർ, ജില്ലയിലെ MLA-മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, രാഷ്ട്രീയ പാർട്ടി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

സർവ്വകക്ഷിയോഗത്തിന് മുൻപ് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉദ്യോഗസ്ഥ തല യോഗവും ചേരും.

✪✪✪

ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് വയനാട്ടിലെത്തും. രാവിലെ കണ്ണൂർ വിമാനത്താവളത്തിലിറങ്ങുന്ന അദ്ദേഹം മേപ്പാടിയിലേക്ക് യാത്ര തിരിക്കും. ദുരിതാശ്വാസ ക്യാംപുകളിലും ആശുപത്രികളിലും രാഹുൽ ഗാന്ധി സന്ദർശനം നടത്തും.

✪✪✪

വയനാട് ജില്ലയിലെ കാലവർഷക്കെടുതിയിൽ 82 ദുരിതാശ്വാസ ക്യാമ്പുകളിലായി 8304 പേരെ മാറ്റി താമസിപ്പിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ D.R മേഘശ്രീ അറിയിച്ചു. ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച 8 ക്യാമ്പുകൾ ഉൾപ്പെടെയാണിത്. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അവശ്യ സാധനങ്ങൾ ഉറപ്പാക്കുന്നുണ്ടെന്നും റേഷൻ കടകളിലും സപ്ലൈകോ വിൽപനശാലകളിലും ഭക്ഷ്യധാന്യങ്ങൾ എത്തിച്ചിട്ടുണ്ടെന്നും കളക്ടർ അറിയിച്ചു.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിത മേഖലയിലെ പ്രവർത്തന യോഗ്യമല്ലാതായ രണ്ട് റേഷൻ കടകൾ അടിയന്തരമായി പുനഃസ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാൻ മന്ത്രി G.R. അനിൽ നിർദേശം നൽകി. കഴിഞ്ഞ മാസത്തെ റേഷൻ കൈപ്പറ്റാത്തവർക്ക് തുടർന്നും റേഷൻ നൽകാനും നിർദേശമുണ്ട്.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ഒഴികെ പത്ത് ജില്ലകളിലും, കോട്ടയം ജില്ലയിലെ രണ്ട് താലൂക്കുകളിലും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർമാർ ഇന്ന് അവധി നൽകി.

കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലും, കോട്ടയം ജില്ലയിലെ മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലുമാണ് അവധി. അങ്കണവാടികൾ, പ്രൊഫഷണൽ കോളജുകൾ, മദ്രസ, ട്യൂഷൻ സെന്ററുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. പൂർണമായും റസിഡൻഷ്യൽ ആയി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, പൊതു പരീക്ഷകൾക്കും, നേരത്തെ നിശ്ചയിച്ച പരീക്ഷകൾക്കും അവധി ബാധകമല്ല.

✪✪✪

വടക്കൻ കേരളത്തിലും, മധ്യ കേരള ജില്ലകളിലും ഇന്നും കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് വയനാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ഇടുക്കി ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്. കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രവും അറിയിച്ചു.

✪✪✪

പാലക്കാട് ചുരം റോഡിൽ 20 ലേറെ ഇടങ്ങളിൽ മണ്ണും മരങ്ങളും പാറയും വീണ് നെല്ലിയാമ്പതിയിലേക്ക് ഗതാഗതം പൂർണമായി തടസ്സപ്പെട്ടു. ഗതാഗതം പുനഃസ്ഥാപിക്കാൻ പ്രവൃത്തികൾ ആരംഭിച്ചു.

മണ്ണിടിച്ചിൽ മൂലം നീരൊഴുക്ക് വർദ്ധിച്ചതിനെ തുടർന്ന് പോത്തുണ്ടി അണക്കെട്ടിന്റെ മുഴുവൻ ഷട്ടറുകളും തുറന്നു. ഗതാഗതം തടസ്സപ്പെട്ടതിനെ തുടർന്ന് നെന്മാറയിൽ നിന്ന് മെഡിക്കൽ സംഘം 10 കിലോമീറ്ററോളം നടന്നാണ് നെല്ലിയാമ്പതിയിൽ എത്തിയത്.

✪✪✪

വടകര മുൻസിപ്പാലിറ്റിയിൽ വളപ്പിൽ കുന്നിടിഞ്ഞ് ഒരു വീട് ഭാഗികമായി തകർന്നു. എറാമല പഞ്ചായത്തിൽ തുരുത്തി മുക്കിൽ കുടുങ്ങിയ 10 പേരെ ഫയർഫോഴ്സ് രക്ഷപ്പെടുത്തി. വിലങ്ങാട് ഇന്നലെ വൈകിട്ട് വീണ്ടും ഉരുൾപൊട്ടി മലവെള്ളപാച്ചിലുണ്ടായി. കഴിഞ്ഞ ദിവസം കാണാതായ ആൾക്കായി ഇന്നും തെരച്ചിൽ തുടരും.

മാവൂർ കൂളിമാട് മരം വീണുണ്ടായ തടസ്സം ഫയർഫോഴ്സ് നീക്കം ചെയ്തു.

✪✪✪

ഇതിഹാസ ഇന്ത്യൻ ക്രിക്കറ്റ് താരം അൻഷുമാൻ ഗെയ്ക്-വാദ് അന്തരിച്ചു. ഇന്നലെ രാത്രി പത്തോടെ വഡോദരയിലെ സ്വകാര്യാശുപത്രിയിൽ രക്താർബുദത്തെ തുടർന്നായിരുന്നു 71 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. 1975 മുതൽ 87 വരെ 40 ടെസ്റ്റുകളിലും 15 ഏകദിനങ്ങളിലും അദ്ദേഹം മികച്ച പ്രകടനം കാഴ്ച വെച്ചിട്ടുണ്ട്. ടെസ്റ്റ് ക്രിക്കറ്റിൽ സുനിൽ ഗാവസ്കർക്കൊപ്പം നീണ്ട കാലം ഓപ്പണറായി കളിച്ചിരുന്നത് ഗെയ്ക്-വാദാണ്. പിന്നീട് ക്രിക്കറ്റ് ടീം സെലക്ടറായും മുഖ്യ പരിശീലകനായും പ്രവർത്തിച്ചു. ക്രിക്കറ്റ് ലോകത്തിന് നൽകിയ സംഭാവനകൾ മുൻ നിർത്തി 2018-ൽ അദ്ദേഹത്തിന് C.K. നായിഡു ആജീവനാന്ത പുരസ്കാരം സമ്മാനിച്ചിരുന്നു.

ഇന്ത്യൻ ക്രിക്കറ്റേഴ്സ് അസോസിയേഷന്റെ പ്രസിഡന്റായി അവസാന കാലം വരെ പ്രവർത്തിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി, ഗെയ്ക്-വാദിന്റെ നിര്യാണത്തിൽ അഗാധ ദുഃഖം അറിയിച്ചു. ക്രിക്കറ്റ് ലോകത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ എന്നും ഓർമ്മിക്കപ്പെടുമെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

പാരീസ് ഒളിമ്പിക്സിൽ അത്‌ലറ്റിക്സ്- ബാഡ്മിന്റൺ നോക്ക് ഔട്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാവും. ടോക്കിയോ

ഒളിമ്പിക്സിലെ സ്വർണ്ണമെഡൽ ജേതാവും ഇന്ത്യയുടെ മെഡൽ പ്രതീക്ഷയുമായ ജാവലിൻ താരം നീരജ് ചോപ്ര ഇന്ന് മത്സരത്തിനിറങ്ങും. 29 പേരടങ്ങിയതാണ് ഇന്ത്യയുടെ അത്‌ലറ്റിക്സ് സംഘം.

ഡെസ്ക് റിപ്പോർട്ട്

.............വോയ്സ്.........

ഇന്ത്യയുടെ മെഡൽ പ്രതീക്ഷയുമായി P.V സിന്ധു, ലക്ഷ്യസെൻ, H.S പ്രണോയ് എന്നിവർ സിംഗിൾസിലും സ്വാതിക്സായ്‌രാജ് രെങ്കിറെഡ്ഡി ചിരാഗ് ഷെട്ടി സഖ്യം ഡബിൾസിലും മത്സരത്തിനിറങ്ങും.

ഹോക്കിയിൽ ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടിയ ഇന്ത്യ പൂൾ B മത്സരത്തിൽ നിലവിൽ ചാമ്പ്യൻമാരായ ബെൽജിയവുമായി ഏറ്റുമുട്ടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് മത്സരം. അമ്പ് എയ്ത്തിൽ ദീപിക കുമാരി വ്യക്തിഗത ഇനത്തിൽ പ്രീ ക്വാർട്ടറിലെത്തി.

ഷൂട്ടർ സ്വപ്നിൽ കുസാലെ പുരുഷന്മാരുടെ അൻപതു മീറ്റർ റൈഫിൾ ഷൂട്ടിങ്ങിൽ ഇന്ത്യക്കായി മൂന്നാം മെഡൽ തേടി ഇന്ന് മത്സരിക്കും. വനിതകളുടെ അൻപതു മീറ്റർ റൈഫിൾസിൽ സിഫ്റ്റ് കൗർ സമ്രയും അഞ്ജുമൗഡ്ഗിലും യോഗ്യതാ മത്സരത്തിനിറങ്ങും.

ബോക്സിങ്ങിൽ ഇന്ത്യയുടെ നിഖാത് സറീൻ അൻപതു കിലോ വിഭാഗത്തിൽ ഇന്ന് പ്രീക്വാർട്ടറിൽ മത്സരിക്കും.ഈ

ഇനത്തിൽ ഏഷ്യൻ ഗെയിംസ് ചാമ്പ്യനായ വു-യു വിനെയാണ് നിഖാത് സറീൻ നേരിടുക.

വനിതകളുടെ എഴുപത്തഞ്ചു കിലോ ബോക്സിങ്ങിൽ ഇന്ത്യയുടെ ലവ്‌ലിനബോർഗോഹൈൻ ക്വാർട്ടറിലെത്തി. പുരുഷന്മാരുടെ 71 കിലോഗ്രാം ബോക്സിങ്ങിൽ ഇന്ത്യൻ താരം നിഷാന്ത് ദേവും ക്വാർട്ടറിൽ എത്തിയിട്ടുണ്ട്. രണ്ട് വെങ്കല മെഡലുകളാണ് ഇന്ത്യ പാരീസ് ഒളിമ്പിക്സിൽ ഇതുവരെ നേടിയത്.

✪✪✪

ഇന്ത്യ-ശ്രീലങ്ക ഏകദിന അന്താരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിൽ. ഇന്ത്യൻ സമയം ഉച്ചയ്ക്ക് രണ്ടരയ്ക്കാണ് മത്സരം തുടങ്ങുന്നത്. രോഹിത് ശർമ്മയാണ് ടീം ക്യാപ്റ്റൻ. രണ്ടാം മത്സരം ഞായറാഴ്ചയും മൂന്നാം മത്സരം അടുത്ത ബുധനാഴ്ചയുമാണ്.

✪✪✪

സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഇന്നലെ അർദ്ധരാത്രിയോടെ അവസാനിച്ചു. യന്ത്രവൽകൃത മീൻപിടുത്ത ബോട്ടുകൾ ഇതോടെ കടലിലേക്ക് പോയി. അമ്പത്തിരണ്ട് ദിവസം നീണ്ട ഇടവേളയ്ക്ക് ശേഷമാണ് യാനങ്ങൾ കടലിലിറങ്ങുന്നത്. ഉച്ചയോടെ ബോട്ടുകൾ തിരിച്ചെത്തും.

✪✪✪

പതിനാറാമത് തിരുവനന്തപുരം രാജ്യാന്തര ഡോക്യുമെന്ററി - ഹ്രസ്വചിത്ര മേളയിലെ മികച്ച ലോംഗ് ഡോക്യുമെന്ററിയായി ആനന്ദ് പട്വർദ്ധന്റെ വസുധൈവ കുടുംബകം-ത്തെ തെരഞ്ഞെടുത്തു. രാജ്യത്തെ ജാതിവ്യവസ്ഥയ്ക്കെതിരായ കാഴ്ചപ്പാട് പങ്കുവയ്ക്കുന്ന ചിത്രത്തിന് ഓസ്കാർ നോമിനേഷനും ലഭിച്ചു. മികച്ച ചിത്രസംയോജനത്തിന് കുമാർ ടാക്കീസ് പുരസ്കാരവും ഈ ചിത്രത്തിനാണ്. പുരസ്ക്കാര തുകയായ രണ്ട് ലക്ഷം രൂപ വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തതായി പട്വർദ്ധൻ അറിയിച്ചു.

ജലക്ഷാമം പ്രമേയമാക്കി വിശ്വാസ് K. സംവിധാനം ചെയ്ത വാട്ടർമാൻ ആണ് മികച്ച ഹ്രസ്വചിത്രം. പ്രമോദ് സച്ചിദാനന്ദന്റെ ചിത്രം മട്ടൻ കട്ടർ എന്ന ചിത്രം സ്പെഷ്യൽ ജൂറി പരാമർശം നേടി.

റിതം ചക്രവകർത്തി സംവിധാനം ചെയ്ത സാൽവേഷൻ ഡ്രീമാണ് മികച്ച ഷോർട്ട് ഡോക്യുമെന്ററി. മികച്ച ഛായഗ്രാഹണം, ശബ്ദലേഖനം എന്നിവയ്ക്കും ഈ ചിത്രം പുരസ്കാരം നേടി. ജേതാക്കൾക്ക് ജൂറി അംഗങ്ങൾ പുരസ്കാരങ്ങൾ സമ്മാനിച്ചു.

✪✪✪

മലപ്പുറത്തെ പാണ്ടിക്കാട്, ആനക്കയം, പഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിരുന്ന നിപ നിയന്ത്രണങ്ങൾ പിൻവലിച്ചു. ഇന്നലെ മന്ത്രി വീണാ

ജോർജിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. എന്നാൽ ആശുപത്രി സന്ദർശനം നടത്തുന്നവർ നിർബന്ധമായും മാസ്ക് ധരിക്കണമെന്നും ഐസൊലേഷനിൽ കഴിയുന്നവർ 21 ദിവസം പൂർണമായി അത് പാലിക്കണമെന്നും നിർദേശമുണ്ട്.

✪✪✪

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷനായി ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് അലക്സാണ്ടർ തോമസ് രാവിലെ ചുമതലയേൽക്കും. തിരുവനന്തപുരത്ത് PMG ജംഗ്ഷനിലെ ആസ്ഥാന മന്ദിരത്തിലാണ് അദ്ദേഹം സ്ഥാനമേൽക്കുന്നത്.

✪✪✪

ഇന്ന് തിരുവനന്തപുരത്ത് നടത്താൻ നിശ്ചയിച്ചിരുന്ന സംസ്ഥാന ചരക്ക് - സേവന നികുതി വകുപ്പിന്റെ ആംനസ്റ്റി 2024 പദ്ധതിയുടെ ഉദ്ഘാടന ചടങ്ങ് വയനാട് ദുരന്തത്തിന്റെ പശ്ചാതലത്തിൽ മാറ്റിവെച്ചു. എന്നാൽ പദ്ധതി ഇന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്ന് GST കമ്മീഷണർ അറിയിച്ചു. GST നിലവിൽ വരുന്നതിന് മുമ്പ് ഉണ്ടായിരുന്ന കുടിശ്ശിക തീർപ്പാക്കുന്നതിന് വേണ്ടിയാണ് ബജറ്റിൽ ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചത്.

✪✪✪